LIBRARY ARCHIVES Kerala Legislative Assembly

വില്പനയോ കൈമാറ്റമോ നടത്തിയ വൻകിട റബ്ബർ തോട്ടങ്ങൾ

66 [520] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ജോർജ്ജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വൻകിട റബ്ബർ തോട്ടങ്ങൾ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വില്പനയോ കൈമാറ്റമോ നടത്തിയിട്ടുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണം തുണ്ടുകളാക്കി വിറ്റു;

(സി) വിൽക്കപ്പെട്ട തോട്ടങ്ങളിലെ തൊഴിലാളികൾ ആരുടെ മേൽനോട്ടത്തിലാണ് ജോലി ചെയ്യുന്നത്;

(ഡി) അവരുടെ അവകാശ സംരക്ഷണത്തിന് എന്തെല്ലാം നടപടികളെടുത്തുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്നുള്ള കരാർ ദിവസവേതന നിയമനങ്ങൾ

67 [521] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള വിവിധ ഒഴിവുകളിലേയ്ക്ക് താല്ക്കാലിക നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്ന് മാത്രമേ നിയമനം നടത്താവൂ എന്ന് വകുപ്പു മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നടപടിക്രമം പാലിക്കാത്ത വകുപ്പു മേധാവികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്താതെ കരാർ അടിസ്ഥാനത്തിലും, ദിവസവേതനത്തിലും, നിയമനം നടത്തുന്ന വകുപ്പ് മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള വിവിധ ഒഴിവുകളിലേയ്ക്ക് താല്ക്കാലിക നിയമനം നടത്തുമ്പോൾ മാനേജീരിയൽ/പ്രൊഫഷണൽ ഒഴികെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി മാത്രമേ നടത്താവൂ എന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയും താൽക്കാലികമായും നടക്കുന്ന നിയമനം

68 [522] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം എത്ര നിയമനങ്ങൾ നടന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാരിലും, സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ താൽക്കാലിക നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ട കോർപ്പറേഷനുകൾ, ബോർഡുകൾ മുതലായവ താൽക്കാലിക നിയമനങ്ങൾ നേരിട്ടു നടത്തുന്നത് നിയമാനുസരണമാണോ; അല്ലെങ്കിൽ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം 35076 നിയമനങ്ങൾ നടത്തുകയുണ്ടായി.

(ബി) ഉണ്ട്. സർക്കാർ/സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിലുണ്ടാവുന്ന താൽക്കാലിക ഒഴിവുകളിൽ നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (സി.എൻ.വി.) ആക്ട് 1959-ലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ പാടുള്ളുവെന്ന് എല്ലാ വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly